നേഴ്സുമാരുടെ മെസ്സ് അലവൻസ്

* 1613. [7] ശ്രീ. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറിൽ ഗവണ്മെൻറ് സർവീസിൽ എത്ര നേഴ്സുമാർ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഇവർക്ക് ഇന്നു മെസ്സ് അലവൻസ് എത്ര രൂപ തോതിലാണ് കൊടുത്തുവരുന്നത്;

(സി) മദ്രാസ് സർവ്വീസിൽ ഇവർക്ക് 30 രൂ. മെസ്സ് അലവൻസ് കിട്ടിയിരുന്നുവെന്നുള്ള സംഗതി ഗവണ്മെൻറിനറിയാമോ;

(ഡി) അതു വെട്ടിക്കുറക്കുവാനിടയായ സാഹചര്യങ്ങൾ എന്താണ്?

ആരോഗ്യവകുപ്പുമന്ത്രി (ഡോക്ടർ എ. ആർ. മേനോൻ):

(എ) 1,015.

(ബി) പ്രതിമാസം 20 രൂപ.

(സി) അറിയാം.

(ഡി) പേറിവിഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഗവണ്മെൻറ് പാസ്സാക്കിയ ഉത്തരവുപ്രകാരം മദ്രാസ് സർവീസിലും തിരുവിതാംകൂർ–കൊച്ചി സർവ്വീസിലും ഉള്ള നേഴ്സുമാരുടെ അലവൻസ് ഏകീകരിച്ചപ്പോൾ.

ശ്രീ. ഗോപാലൻകുട്ടിനായർ: സർ, ഇതേസംബന്ധിച്ച് ഗവണ്മെൻറിലേക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: എല്ലാത്തിനും നിവേദനമാണല്ലൊ. ഓരോ ആവശ്യത്തിനും എന്തെങ്കിലും തോന്നിയാലുടനെ നിവേദനമായി. കാര്യം മനസ്സിലാക്കാതെയാണ് നിവേദനം കൊടുക്കുന്നത്.

ശ്രീ. ഗോപാലൻകുട്ടിനായർ: സർ, അവർ ഒരു സമരത്തിനു തയ്യാറാകുന്നുവെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: സമരത്തിനു മുതിർന്നാൽ അതിനെ എതിർക്കുകയും ചെയ്യും.

ശ്രീ. കെ. എം. ജോർജ്ജ്: സ്ത്രീകളോടു വളരെ അനുഭാവത്തോടെ പെരുമാറണമെന്നു പറഞ്ഞുപോരുന്നുണ്ട്. അവരോടു സമരംതന്നെ ചെയ്യുമെന്നു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു ശരിയാണോ?

ഡാക്ടർ എ. ആർ. മേനോൻ: സമരത്തിനുവന്നാൽ സമരംതന്നെ.

ശ്രീമതി കുസുമം ജോസഫ്: സർ, നേഴ്സായിട്ടു ട്രെയിനിംഗ് കഴിച്ചിട്ടുള്ള മിഡ്വൈഫുകൾക്ക് 2-ം 3-ം രൂപ കൊടുക്കുമ്പോൾ മിഡ്വൈഫുകൾക്ക് അലവൻസ് 1 രൂപയാണ് കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. സി. എ. മാത്യു: സർവ്വീസ് ഇൻറഗ്രേഷൻ നടത്തുമ്പോൾ നിലവിലുള്ള ആനുകൂല്യങ്ങളേക്കാൾ കൂടുതൽ കൊടുക്കുകയാണ് ചെയ്യാറുള്ളത്. അതിനു വ്യത്യസ്തമായ പരിശോധന വരാൻ കാരണമെന്താണ്?

ഡാക്ടർ എ. ആർ. മേനോൻ: തിരുവിതാംകൂർ–കൊച്ചിയിലെ റേറ്റ് കൊടുക്കുന്നപക്ഷം മദ്രാസിൽ കിട്ടുന്നതിനേക്കാൾ അധികമാകും. അവർക്ക് ഏതാണോ സ്വീകാര്യമായി തോന്നുന്നത് അതനുസരിച്ചുകൊടുക്കും.

ശ്രീ. സി. എ. മാത്യു: ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം മദ്രാസിൽ കൂട്ടുതലുണ്ടെങ്കിൽ കൊടുക്കാമെന്നു പറഞ്ഞു. . . . . .

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മാത്യു പറയുകയുണ്ടായി, സപ്ലൈസ് ഇൻറഗ്രേറ്റ് ചെയ്യുന്ന സമയത്തു് എല്ലാ ഡിപ്പാർട്ടുമെൻറിലും ഉള്ളതിൽ കൂടുതൽ ആൾക്കാരെ എടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ടെന്നു്. ആരാണു് അങ്ങനെ തീരുമാനിച്ചതു്? ഇതു ഗവണ്മെൻറ് തീരുമാനിച്ചിട്ടില്ല. ബഹുമാനപ്പെട്ട മാത്യുവിൻറെ ഉള്ളിൽ അതു അഭിപ്രായം ഉണ്ടായിരിക്കും.

ശ്രീ. സി. എ. മാത്യു: മുമ്പു് അങ്ങനെയൊരു നടപടിക്രമം ഉണ്ടായിട്ടുള്ളതാണു്. സാധാരണ പ്രീസിഡൻറ് ഉള്ളതുകൊണ്ടു പറഞ്ഞതാണു്.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: പ്രീസിഡൻറ് ഒരിക്കലും അതല്ല. മുൻപുള്ള ശമ്പളംകൂടി വച്ചു നോക്കിയിട്ടു് രണ്ടുംതമ്മിൽ കൂട്ടത്തിലുള്ളതു പോര്യ്സണൽ പേ ആയിട്ടു കൊടുക്കുക എന്നുള്ളതല്ലാതെ കൂട്ടത്തിലായി കൊടുക്കണമെന്നുള്ള തത്വം മറ്റേതെങ്കിലും സ്റ്റേറ്റ് അംഗീകരിച്ചിട്ടില്ല. ഇതേവരെ ഇൻറഗ്രേറ്റ് ചെയ്തിട്ടുള്ളതൊക്കെ അങ്ങനെയാണു്.

ശ്രീമതി കുസുമം ജോസഫ്: എസ്സ്. എ. റാവു് അദ്ധ്യക്ഷപ്രസംഗത്തിൽ ആറു മാസം ടെയിനിംഗ് കഴിഞ്ഞിട്ടുള്ള നേഴ്സുകളെ മേജർകേഡ്രസ്സ് അറൻഡു ചെയ്യാൻ അനുവദിക്കുകയും രണ്ടര കൊല്ലം കഴിച്ചവരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നുണ്ടോ?

ഡാക്ടർ: എ. ആർ. മേനോൻ: അവിടെ വേറെ ഡാക്ടറന്മാർ.....

മി. സ്പീക്കർ: ആർഡർ, ആർഡർ. അടുത്തചോദ്യം.

സംസ്ഥാനത്തെ മത്സ്യസമ്പത്തു്.

* 1614. [8] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ മത്സ്യസമ്പത്തു് പരമാവധി മൂക്ഷണം ചെയ്യുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്തു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) മത്സ്യവ്യവസായത്തെ പരമാവധി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടു്.

(ബി) കേരളത്തിലെ മത്സ്യത്തൊഴിലാളികളേയും, മത്സ്യവ്യവസായത്തേയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു്, ആധുനിക ഉപകരണങ്ങളുടെ സഹായത്തോടുകൂടി മത്സ്യോല്പാദനം അഭിവൃദ്ധിപ്പെടുത്തുന്നതിനും, മത്സ്യവ്യവസായത്തൊഴിലാളികൾക്കു് സാമ്പത്തികമായ അഭിവൃദ്ധിയുണ്ടാക്കുന്നതിനും, അങ്ങനെ ആ വ്യവസായത്തെ പരമാവധി വികസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണു് ഈ പദ്ധതിയുടെ സാമാന്യസ്വഭാവം.

ശ്രീ. എം. സി. ഏബ്രഹാം: ഇവിടത്തെ മത്സ്യം പുറംരാജ്യങ്ങളിലേക്കു് അയയ്ക്കുന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇപ്പോൾ കയറ്റി അയയ്ക്കുന്നുണ്ടു്. ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷമേ ഇതിൽപ്പെട്ട സംഗതികൾക്കു് ഈ ജോലി നടത്താൻ പറ്റുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly